വിജിലൻസ് കേസുകൾ

87 [88] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഏതെല്ലാം കേസുകൾ, പ്രതികൾ ആരെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിജിലൻസ് കേസുകൾ സർക്കാർ സ്വമേധയാ എടുത്തിട്ടുണ്ട്; അതിലെ പ്രതികൾ ആരെല്ലാം;

(ഡി) സർക്കാർ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളിൽ തീർപ്പാക്കിയത് ഏതെല്ലാം എന്നും പ്രതികൾ ആരെല്ലാം എന്നും എന്തു ശിക്ഷയാണ് ഇവർക്ക് നൽകിയത് എന്നത് സംബന്ധിക്കുന്ന വിശദാംശം വ്യക്തമാക്കുമോ;

(ഇ) സർക്കാർ എഴുതിത്തള്ളിയ വിജിലൻസ് കേസുകൾ ഏതെല്ലാം; ഓരോ കേസുകളിലും എന്തു കാരണത്താലാണ് റഫർ ചെയ്യാൻ തീരുമാനിച്ചത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 490 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അവിഹിത സ്വത്തുസമ്പാദനം, കൈക്കൂലി, സർക്കാർ പണം ദുർവിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യസ്വഭാവം കണക്കിലെടുത്ത് പ്രതികളുടെ പേരുവിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(സി ആന്റ് ഡി) സർക്കാരിനും വിജിലൻസ് ഡയറക്ടർക്കും ലഭിക്കുന്ന പരാതികളുടേയും വിജിലൻസ് നടത്തുന്ന മിന്നൽ പരിശോധനകളുടേയും കോടതി ഉത്തരവുകളുടേയും മറ്റുമടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം നടത്തുന്നതും കേസുകൾ രജിസ്റ്റർ ചെയ്യുന്നതും. രജിസ്റ്റർ ചെയ്ത 490 വിജിലൻസ് കേസുകളിൽ 149 എണ്ണത്തിന്റെ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 89 കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾക്കും, 10 കേസുകളിൽ വിജിലൻസ് ട്രൈബൂണൽ അന്വേഷണത്തിനും, 19 കേസുകളിൽ വകുപ്പുതല അച്ചടക്ക നടപടികൾക്കും, 14 കേസുകളിൽ ലോക്കൽ പോലീസിന് കേസ് രജിസ്റ്റർ ചെയ്യുന്നതിനും, 16 കേസുകളിൽ ആരോപണങ്ങൾ തെളിയിക്കപ്പെടാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ലെന്നും ഒരു കേസിൽ പ്രതി മരിച്ചുപോയതിനാൽ കോടതി നടപടി ആവശ്യമില്ല എന്നുമുള്ള വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശത്തിന് മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യസ്വഭാവം കണക്കിലെടുത്ത് കൂടുതൽ വിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly